**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3344** **13-07-2022 - ൽ മറുപടിയ്ക്ക്**

**ഗൃഹശ്രീ ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഗൃഹശ്രീ ഭവന പദ്ധതി തുടരുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. 2013- ൽ ആരംഭിച്ച ഗൃഹശ്രീ ഭവന പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു. 2022-23 സാമ്പത്തിക വർഷത്തിലും 500 ഗുണഭോക്താക്കൾക്ക് 10 കോടി രൂപ ഗൃഹശ്രീ പദ്ധതി ആനുകൂല്യത്തിനായി സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയ്ക്ക് 10/06/2022 തീയതിയിലെ സ ഉ. (സാധാ) നം. 58/2022/ഭവനം പ്രകാരം ഭരണാനുമതി നല്കിയിട്ടുണ്ട്. |
| (ബി) | ഏത് വിഭാഗം ജനങ്ങൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | സ്വന്തമായി 2 സെന്റ്/3സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല (EWS)/ താഴ്ന്ന വരുമാനം (LIG) വിഭാഗത്തിൽപ്പെട്ടവർക്കാണ് ഗൃഹശ്രീ ഭവന പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നത്. |

സെക്ഷൻ ഓഫീസർ